പ്രൈവറ്റ് കോളേജുകൾ.

*70. [20] ശ്രീ. പി. കെ. യശോധരൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി പ്രദേശത്തുള്ള പ്രൈവറ്റ് കോളേജുകൾ ഇപ്പോൾ യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിലാണോ; ഇല്ലെങ്കിൽ കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

കൊച്ചി പ്രദേശത്തുള്ള പ്രൈവറ്റ് കോളേജുകൾ ഇവിടത്തെ യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിലല്ല. അവ മുൻകാലം മുതൽക്കുതന്നെ മദ്രാസ് യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിലാണ്. തിരുവിതാംകൂർ–കൊച്ചി സംയോജനത്തിനുശേഷം ആ കോളേജുകൾ സംസ്ഥാന യൂണിവേഴ്സിറ്റിയോടുകൂടി അഫിലിയേറ്റ് ചെയ്യാൻ കോളേജ് അധികൃതരോട് ആവശ്യപ്പെട്ടു എങ്കിലും ഇതുവരെ നടന്നിട്ടില്ല.

ശ്രീ. പി. കെ. യശോധരൻ: തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ റൂൾസുകൾ കൊച്ചിയിലെ കോളേജുകളെ ബാധിക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവയൊക്കെ തിരുവിതാംകൂർ ഏരിയായിലുള്ള കോളേജുകൾക്കു മാത്രമേ ബാധകമാകയുള്ളൂ.

ശ്രീ. പി. കെ. യശോധരൻ: കൊച്ചിയിലെ പ്രൈവറ്റ് കോളേജുകളെക്കൂടി തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനായി ഒരു നിയമനിർമ്മാണം ചെയ്യാൻ സാധിക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ കാര്യത്തെ സംബന്ധിച്ച് നിയമനിർമ്മാണം ചെയ്യുന്നതിനുവേണ്ടി ഒരു ബിൽ യൂണിവേഴ്സിറ്റിയിൽനിന്നും അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. എ. തോമസ്: ഈ സെഷനിൽ അവതരിപ്പിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ സെഷനിൽ സാധിക്കുമോ എന്നു തീർത്തുപറയുന്നില്ല.

കർഷകത്തൊഴിലാളികളുടെ തൊഴിലില്ലായ്മ.

*71. [22] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിൻപുറത്തുള്ള കർഷകത്തൊഴിലാളികളുടെ ഇടയിൽ വമ്പിച്ച തൊഴിലില്ലായ്മ നിലവിലുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിന് അറിവുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ തൊഴിലില്ലായ്മ പരിഹരിക്കാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഈ തൊഴിലില്ലായ്മ പരിഹരിക്കാൻ വല്ല നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്ത്?

LIBRARY ARCHIVES Kerala Legislative Assembly